1- 18034
16/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.ജി. പ്രസാദിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2722/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 05.08.2017

==================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.05.2015-ലെ ഇ 12(ക്യുവി 9/2014/കെകെടി) 14355/2014 നമ്പർ കത്ത്

2. സർക്കാരിന്റെ 16.12.2015-ലെ 398/ഇപിബി3/15/തസ്വഭവ നമ്പർ കുറ്റപത്രം

3. കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.ജി. പ്രസാദ് സമർപ്പിച്ച 30.03.2016-ലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 08.03.2017-ലെ ഡി1-26582/15 നമ്പർ കത്ത്

**ഉത്തരവ്**

അനധികൃത കശാപ്പ ശാല പ്രവർത്തിക്കുന്നതിനുവേണ്ട ഒത്താശ ചെയ്തു നൽകുന്നു എന്ന ശ്രീ. വെങ്ങപ്പൊറ്റ ബാലന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പറമ്പിൽ ബസാറിൽ ഇറച്ചി കച്ചവടം ചെയ്യുന്ന ശ്രീ. അയമു എന്നയാൾ അനധികൃതമായി കന്നുകാലികളെ സ്റ്റോക്ക് ചെയ്യുവാൻ വേണ്ടി തന്റെ വീട്ടിൽ സൂക്ഷിക്കുന്നതായും കന്നുകാലി വിസർജ്യങ്ങളും മാലിന്യങ്ങളും അയൽവാസികൾക്ക് പലവിധ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനാൽ ശ്രീ. ബാലൻ, പഞ്ചായത്തിലും മറ്റും പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അനധികൃതമായി നടത്തിവന്ന അറവു ശാല നിറുത്തിവെക്കുന്നതിനു സ്റ്റോപ്പ് മെമ്മോ നൽകുകയും ഈ കാര്യം അന്വേഷിക്കുന്നതിനായി ക്ലാർക്ക് ശ്രീ. പ്രസാദിനെ നിയോഗിച്ചിരുന്നുവെന്നും എന്നാൽ പ്രസാദ് നൽകിയ റിപ്പോർട്ടിൽ മേൽ പ്രകാരം ശ്രീ. അയമുവിന്റെ വീട്ടിൽ മൃഗങ്ങളെ കശാപ്പ ചെയ്യുന്നില്ല എന്ന യാഥാർത്ഥ്യം മറച്ചു വെച്ച് തെറ്റായ റിപ്പോർട്ടാണ് നൽകിയത് എന്നും ആയതിനാൽ അപ്രകാരം തെറ്റായ റിപ്പോർട്ടു നൽകിയ ശ്രീ. പ്രസാദിനെ കോഴിക്കോട് ജില്ലയ്ക്കു വെളിയിലേക്കു ട്രാൻസ്ഫർ നല്കണമെന്നുമാണ് വിജിലൻസ് ശുപാർശ ചെയ്തത്.

വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. പ്രസാദിനെ കോഴിക്കോട് ജില്ലക്ക് പുറത്തേക്കു ട്രാൻസ്ഫർ ചെയ്യുകയും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധന നടത്തി കുറിപ്പ് തയ്യാറാക്കാൻ ചുമതലയുള്ള ക്ലാർക്ക് ശ്രീ. അബ്ദുൾ

റൗഫ് ആയിരുന്നുവെന്നും ടിയാളുടെ റിപ്പോർട്ട് പ്രകാരമാണ് സെക്രട്ടറി ഇതു സംബന്ധിച്ച മുഴുവൻ കാര്യങ്ങളും ചെയ്തത് എന്നും ഡി&ഒ ലൈസൻസ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന താൻ അനധികൃതമായി മാംസ വ്യാപാരം നടക്കുന്നുവെന്ന് രേഖാമൂലം സെക്രട്ടറിയെ അറിയിച്ചിരുന്നുവെന്നും അന്വേഷണ ഉദ്യോഗസ്ഥർ തനിക്കെതിരെ മുൻ വിധിയോടെയാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി. ശ്രീ. പ്രസാദ് തന്റെ പ്രതിവാദ പത്രികയിൽ തന്നെ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിലും ടിയാൻ പ്രതിവാദ പത്രികയിൽ പ്രതിപാദിച്ചിരുന്ന വിവരങ്ങളാണ് ആവർത്തിച്ചത്. കൂടാതെ മേൽ വിഷയം കൈകാര്യം ചെയ്തിരുന്നത് താനല്ല എന്ന് തെളിയിക്കുന്നതിനായി ഈ വിഷയം കൈകാര്യം ചെയ്തിരുന്ന ബന്ധപ്പെട്ട ഫയലിന്റെ പകർപ്പുകളും ഹാജരാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി വിഷയം കൈകാര്യം ചെയ്തിരുന്ന ഫയലുകളുടെ പകർപ്പുകൾ പരിശോധിച്ചതിൽ നിന്നും ഡി&ഒ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. പ്രസാദ് ഈ വിഷയത്തിൽ വസ്തുതകൾ മറച്ചു വയ്ക്കുന്നതായ യാതൊരു നോട്ടും കുറിപ്പും എഴുതിയിട്ടില്ലെന്നും കൂടാതെ ഈ വിഷയം സംബന്ധിച്ച സെക്ഷൻ കൈകാര്യം ചെയ്തിരുന്നത് ടിയാൻ ആയിരുന്നില്ല എന്നും കാണുന്ന സാഹചര്യത്തിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.ജി. പ്രസാദിനെതിരായ അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ.ജി. പ്രസാദ്, മുൻ എൽ.ഡി. ക്ലാർക്ക്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/398/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ